**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 769** **06-10-2021 - ൽ മറുപടിയ്ക്ക്**

**പുനലൂർ താലൂക്കിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പുനലൂർ താലൂക്കിൽ നിലവിൽ ഇന്റർനെറ്റ്, മൊബൈൽ റേഞ്ച് ലഭ്യത ഇല്ലാത്ത പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | പുനലൂർ താലൂക്കിൽ 8 പട്ടികജാതി കോളനികളിലും, 11 പട്ടികവർഗ്ഗ കോളനികളിലും ഇന്റർനെറ്റ്, മൊബൈൽ റേഞ്ച് കണക്ടിവിറ്റി ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത പട്ടികജാതി -പട്ടികവർഗ്ഗ കോളനികളിൽ ഇന്റർനെറ്റ്, മൊബൈൽ റേഞ്ച് ലഭ്യത ഉറപ്പാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ; | (ബി) | മേൽപ്പറഞ്ഞ 11 പട്ടികവർഗ്ഗ കോളനികൾ ഉൾപ്പെടെ കൊല്ലം ജില്ലയിലെ ഇൻറർനെറ്റ് സൗകര്യം ഇല്ലാത്ത 15 പട്ടികവർഗ്ഗ കോളനികളിൽ Fibre to the home (എഫ്.റ്റി.റ്റി.എച്ച്) കണക്ഷൻ നൽകുന്നതിനായി 11,76,500/-രൂപയുടെ എസ്റ്റിമേറ്റ് ബി.എസ്.എൻ.എൽ-ൽ നിന്നും ലഭ്യമാക്കിയിരുന്നു. അവയിൽ 5 കോളനികളിൽ കണക്ഷൻ നൽകുന്നതിന് 4,87,500/- രൂപയുടെ ഭരണാനുമതി ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 10 കോളനികളിൽ ടി സംവിധാനം ഏർപ്പെടുത്തുന്നതിന് 6,89,000/-രൂപയുടെ ഭരണാനുമതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്നും ബി.എസ്.എൻ.എൽ ജനറൽ മാനേജർക്ക് നൽകിയിട്ടുണ്ട്. അപ്രകാരം 11 കോളനികളിൽ 5 സ്ഥലത്ത് കണക്ഷൻ ലഭ്യമാക്കുകയും 4 കോളനികളിൽ പണികൾ പുരോഗമിക്കുകയും ചെയ്യുന്നു. ശേഷിക്കുന്ന 2 കോളനികളിലെ പണികൾ ഉടൻ ആരംഭിക്കുന്നതുമാണ്. പട്ടികജാതി കോളനികളിലും മൊബൈൽ റേഞ്ച്, ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു. |
| (സി) | പ്രസ്തുത കോളനികളിൽ എന്നത്തേക്ക് പൂർണ്ണമായി ഇന്റർനെറ്റ്, മൊബൈൽ റേഞ്ച് സൗകര്യം ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത മുഴുവൻ കോളനികളിലും 2021 ഒക്ടോബർ അവസാനത്തോടെ Fibre to the home (എഫ്.റ്റി.റ്റി.എച്ച്) സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ